# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 30, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

| |
|---|
| **മറുപടി നൽകുന്ന മന്ത്രിമാർ** |
| **മുഖ്യമന്ത്രി** |
| **ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി** |
| **ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി** |
| **തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി** |

**<u>മദ്യപാനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അവബോധം നൽകാൻ പദ്ധതി</u>**

*151 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്തും 2016-2021 കാലയളവിലും ഉണ്ടായിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച വിശദാംശം 2011-2016 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്ത് ലഭ്യമാക്കാമോ;

(സി) മദ്യപാന ശീലം നിരുത്സാഹപ്പെടുത്തുന്നതിനും മദ്യപാനം മൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപരവും സാമൂഹികപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി പ്രചരണം കൂടുതൽ ശക്തമാക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>ജയിൽമതിലുകളിലെ വൈദ്യുതവേലികൾ</u>**

*152 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ സുരക്ഷയുടെ ഭാഗമായി മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതവേലി പ്രവർത്തിക്കാത്തതിനെ തുടർന്ന് ജയിൽപ്പുള്ളികൾ മതിൽ ചാടി രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ; വിശദവിവരം നൽകാമോ;

(സി) വൈദ്യുതവേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ</u>

*153 **ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ ഡി കെ മുരളി**

**ശ്രീ. കെ. എം. സച്ചിൻദേവ്**

**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെയും വിമുക്തി മിഷൻ കൗൺസിലർമാരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) വിദ്യാർത്ഥികൾ ലഹരിക്കെതിരായി ചിന്തിക്കുന്നതിനും വിദ്യാർത്ഥികളിലെ വ്യത്യസ്തങ്ങളായ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിച്ചെടുത്ത് പ്രസ്തുത കഴിവുകൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂളുകളുടെയും കോളേജുകളുടെയും സമീപ പ്രദേശങ്ങളിലെ കടകളിൽ പുകയില ഉല്പന്നങ്ങളും മയക്കമരുന്ന് വിൽപ്പനയും തടയുന്നതിന് വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

## <u>ചൂരൽമല-മുണ്ടക്കൈ ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾ</u>

*154 **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ഡോ. കെ. ടി. ജലീൽ**

**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തത്തെ തുടർന്ന് ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അടിയന്തര കേന്ദ്ര സഹായം ആവശ്യപ്പെട്ട് എന്തെല്ലാം ഇടപെടലുകൾ നടത്തിയിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ദേശീയ ദുരന്തനിവാരണ നിധിയിൽ നിന്നും കേരളത്തിന് സഹായം അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ വിവേചനപരമായ സമീപനമാണ് സ്വീകരിച്ചുവരുന്നതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങൾ പോലുള്ള ഗുരുതരമായ ദുരന്തത്തെ ദേശീയ ദുരന്തമായി അംഗീകരിക്കാതെ കേരളത്തിന്റെ ആവശ്യം അവഗണിച്ചതിന് പിന്നിലെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ അനാസ്ഥയും അവഗണനയും മൂലം പ്രസ്തുത ദുരന്തബാധിതർക്ക് യാതൊരു പ്രതിസന്ധിയും ഉണ്ടാകാതിരിക്കാൻ ഈ സർക്കാർ സമയബന്ധിതമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനം</u>

*155 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. സി. മൊയ്തീൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി കിഫ്ബി വഴിയും മറ്റു പദ്ധതികൾ വഴിയും ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2011-2016, 2016-2021 എന്നീ കാലയളവുകളിൽ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകകൾ തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ മേഖലയിൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് വഴി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ആരോഗ്യസ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

## <u>വിദ്യാർത്ഥി സംഘടനാ നേതാക്കളെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി</u>

*156 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രവർത്തകരെ മുഖംമൂടിയും കൈവിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈവിലങ്ങ് ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കുന്നതിനെതിരെ സുപ്രീംകോടതിയുടെ പരാമർശം ഉണ്ടായ സാഹചര്യത്തിൽ പോലീസിന്റെ പ്രസ്തുത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ഈ സംഭവത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടികൾ വിശദമാക്കാമോ?

**<u>കൊഴുപ്പു നീക്കൽ ശസ്ത്രക്രിയയെ തുടർന്ന് വിരലുകൾ മുറിച്ചു മാറ്റിയ സംഭവം</u>**

*157 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിവയറ്റിലെ കൊഴുപ്പുനീക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ യുവതിയുടെ ഒൻപത് വിരലുകൾ മുറിച്ചു മാറ്റേണ്ടി വന്ന സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കോസ്മെറ്റോളജി ചികിത്സ നടത്തുന്ന സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

**<u>ബ്രഹ്മോസ് എയ്റോസ്പേസ് സംസ്ഥാനത്ത് നിലനിർത്തുന്നതിന് നടപടി</u>**

*158 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദ്യ പ്രതിരോധ ഉപകരണ നിർമ്മാണ കേന്ദ്രവും തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ ബ്രഹ്മോസ് എയ്റോസ്പേസിനെ ഇല്ലാതാക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ബ്രഹ്മോസ് മിസൈലിലെ നിർണ്ണായക ഘടകങ്ങൾക്ക് പുറമെ ഐ. എസ്. ആർ. ഒ, ബാർക്ക്, ജി. ടി. ആർ. ഇ കൽപ്പാക്കം, കൽപ്പാക്കം ആണവ നിലയം തുടങ്ങിയ

സ്ഥാപനങ്ങൾക്ക് ആവശ്യമായ യന്ത്രഘടകങ്ങൾ നിർമ്മിച്ച് നൽകുന്ന കേരളത്തിലെ അഭിമാന സ്ഥാപനം ഇല്ലാതാക്കാനുള്ള നീക്കം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ബ്രഹ്മോസിലെ ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തെ സംസ്ഥാനത്ത് തന്നെ നിലനിർത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>**ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി**</u>

*159 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അംഗീകൃത പാർപ്പിട ശേഷിയേക്കാൾ കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ടോ;

(ബി) തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ജയിലുകളിൽ സൗകര്യം വർദ്ധിപ്പിക്കാറുണ്ടോ;

(സി) തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ജയിലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>**തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി**</u>

*160 **ശ്രീ ഡി കെ മുരളി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ അന്താരാഷ്ട്ര പദവി നിലനിർത്തുന്നതിന്റെ ഭാഗമായി വിമാനത്താവള വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തു നൽകുന്ന നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം സ്ഥാപനങ്ങളെ പ്രസ്തുത സ്ഥലം ഏറ്റെടുപ്പ് ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) സംസ്ഥാന സർക്കാർ കേന്ദ്ര പ്രതിരോധമേഖലയ്ക്ക് കൈമാറിയ ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കാൻ ഇടയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്ര പ്രതിരോധ വകുപ്പോ ബ്രഹ്മോസ് എയറോസ്പേസോ സംസ്ഥാന സർക്കാരുമായി എന്തെങ്കിലും കത്തിടപാടുകളോ ചർച്ചകളോ

നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ നേരിടുന്നതിന് നടപടി

*161 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ ഫലപ്രദമായി നേരിടുന്നതിൽ നടത്തിയ സുശക്തമായ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആഗോളതലത്തിൽ നിപ രോഗബാധയെതുടർന്നുണ്ടാകുന്ന മരണനിരക്കും കേരളത്തിലുണ്ടായ മരണനിരക്കും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച്-ന്റെ പ്രവർത്തനലക്ഷ്യവും പുരോഗതിയും വ്യക്തമാക്കാമോ?

## മയക്കുമരുന്നിന്റെ വ്യാപനവും ഉപയോഗവും തടയാൻ നടപടി

*162 **ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ലഹരിയുടെ കടന്നുവരവ് പൂർണ്ണമായും ഇല്ലാതാക്കിയാൽ മാത്രമേ ലഹരിവിരുദ്ധ പോരാട്ടങ്ങൾ സംസ്ഥാനത്ത് വിജയം കാണുകയുള്ളൂ എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് കടത്തും വിതരണവും ഉപയോഗവും പൂർണ്ണമായി തടഞ്ഞ് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എ. ഐ. സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ലഹരി പദാർത്ഥങ്ങളിലെ രാസഘടകങ്ങൾ നിരന്തരം മാറ്റുന്നതിനാൽ കെമിക്കൽ അനാലിസിസ് ലാബുകളിൽ പലപ്പോഴും ഇവ കണ്ടെത്താൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ലൈഫ് പദ്ധതി

*163 **ശ്രീ. എം. എം. മണി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എം.വിജിൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു തദ്ദേശ സ്ഥാപനത്തിലെ പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർ മറ്റൊരു തദ്ദേശ സ്ഥാപന പരിധിയിൽ സ്ഥലം കണ്ടെത്തി വീട് വെച്ചാലും തുക അനുവദിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ വീട് വെച്ചാലും തുക നൽകുന്നതിൽ തടസ്സമുണ്ടോ;

(സി) എല്ലാവർക്കും അടച്ചുറപ്പുള്ള വീട് എന്ന ലക്ഷ്യത്തിലെത്താൻ പ്രസ്തുത തീരുമാനം കൂടുതൽ സഹായകരമായിട്ടുണ്ടോ;

(ഡി) പി. എം. എ. വൈ. -ജി. (പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീൺ), പി. എം. എ. വൈ. -യു. (പ്രധാനമന്ത്രി ആവാസ് യോജന -അർബൻ) തുടങ്ങിയ പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകേണ്ടുന്ന കേന്ദ്ര വിഹിതത്തിൽ നിലവിൽ എത്ര തുക കുടിശികയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(എഫ്) ലൈഫ് പദ്ധതി കൂടുതൽ സുതാര്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകാമോ?

## വനിത-ശിശുവികസന വകുപ്പിന് അംഗീകാരങ്ങൾ

*164 **ശ്രീമതി ദെലീമ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിത-ശിശുവികസന വകുപ്പിന് അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത വകുപ്പിന് ദേശീയതലത്തിൽ ശ്രദ്ധേയമായ എന്തെല്ലാം പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണെന്നും പ്രത്യേകം അറിയിക്കാമോ;

(സി) വനിതാ വികസന കോർപ്പറേഷന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിത വികസന കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ലഭ്യമാക്കാമോ?

**<u>യുറേനിയം, തോറിയം മുതലായ ആണവ ധാതുക്കളുടെ ഖനനം</u>**

*165 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സമുദ്ര മേഖലയിൽ നിന്നും ആണവ ധാതുക്കളുടെ ഖനനവും പര്യവേഷണങ്ങളും നടത്തുന്നതിന് സ്വകാര്യ മേഖലയ്ക്കും അനുമതി നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഖനനം മത്സ്യസമ്പത്തിനെ മാത്രമല്ല മത്സ്യങ്ങളുടെ ആഹാരശൃംഖലയേയും ഇല്ലാതാക്കുന്നതിനാൽ ലക്ഷക്കണക്കിന് വരുന്ന മത്സ്യതൊഴിലാളികളുടെ ജീവിതമാർഗ്ഗം പ്രതിസന്ധിയിലാകാനും സമുദ്രത്തിന്റെ ആവാസവ്യവസ്ഥയെ ഗുരുതരമായി ബാധിക്കാനും ഇടയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യുറേനിയം, തോറിയം പോലുള്ള ആണവ ധാതുക്കളുടെ ഖനനത്തിന് കേന്ദ്ര സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയാൽ അത് രാജ്യത്തിന്റെ സുരക്ഷയെപ്പോലും ബാധിക്കാനിടവരുത്തുമെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളുടെ തീരപ്രദേശത്താണ് ഖനനത്തിന് അനുമതി നൽകിയിരിക്കുന്നതെന്നും പ്രസ്തുത വിവരം അതത് സംസ്ഥാന സർക്കാരുമായി ചർച്ച നടത്തേണ്ടതുമായിരുന്നുവെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>അതിദരിദ്രർക്ക് റേഷൻകാർഡുകൾ</u>**

*166 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എ. രാജ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്ക് റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവേയിൽ ഉൾപ്പെട്ട മുഴുവൻ അതിദരിദ്ര കുടുംബത്തിനും റേഷൻകാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റേഷൻ ഷോപ്പുകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ വിതരണം ചെയ്യുന്നതിനായി

ആരംഭിച്ച ഒപ്പം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വനമേഖലകളിലെ എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങളായ ആദിവാസി നഗറുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടി റേഷൻ സാധനങ്ങൾ എത്തിച്ച് കൊടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

**<u>കേരളത്തെ ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ</u>**

*167 **ശ്രീ കെ യു ജനീഷ് കുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു ആഗോള വ്യോമയാന ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ ലക്ഷ്യം കൈവരിക്കാനായി വ്യോമയാന ഉച്ചകോടിയിൽ നിന്നും ലഭിച്ച നിർദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തുള്ള അന്താരാഷ്ട്ര വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുതിയ എയർലൈൻ സർവീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഉച്ചകോടിയുടെ ഭാഗമായി കേരളത്തിൽ തൊഴിൽ അവസരങ്ങളും ടൂറിസം മേഖലയിലെ വളർച്ചയും എത്രത്തോളം വികാസം പ്രാപിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>അമീബിക് മസ്തിഷ്കജ്വരം</u>**

*168 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുമാസം പ്രായമായ കുട്ടിക്ക് അടക്കം അമീബിക് മസ്തിഷ്കജ്വരം ബാധിച്ച സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കുളങ്ങളിലും മറ്റ് ജലാശയങ്ങളിലും മുങ്ങിക്കുളിക്കാത്തവരിൽ പോലും ഈ രോഗം പിടിപെടുന്നതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കാൻ ജലവിഭവ വകുപ്പിനെയും തദ്ദേശ സ്വയംഭരണ വകുപ്പിനെയും ഏകോപിച്ചുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>തെരുവുനായ്ക്കളുടെ വന്ധ്യംകരണം</u>**

*169 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ വന്ധ്യംകരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

## ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കേസുകൾ

*170 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നാമജപ ഘോഷയാത്ര നടത്തിയതുൾപ്പെടെ സമാധാനപരമായി സമരം നടത്തിയവർക്കെതിരെ എടുത്ത എല്ലാ കേസുകളും എഴുതി തള്ളിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസുകൾ എഴുതിത്തള്ളാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന നാമജപ ഘോഷയാത്ര ഉൾപ്പെടെയുള്ള സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

## പരമ്പരാഗത കള്ള് ചെത്ത് വ്യവസായം

*171 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിൽ മേഖലകളിൽ ഒന്നായ കള്ളുചെത്ത് തൊഴിലിലും കള്ള് വ്യവസായ മേഖലയിലും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കള്ള് ചെത്ത് വ്യവസായ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ടോഡി ബോർഡ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കള്ള് ചെത്ത് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുവാൻ ടോഡി ബോർഡ് വഴി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) ചെത്തിയ കള്ള് ബോട്ടിലുകളിൽ നിറച്ച് വിൽപ്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

**മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം വർദ്ധിക്കുന്ന സാഹചര്യം**

*172 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ചുള്ള മരണം ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഇത് തടയുന്നതിനായി പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നൊവേഷൻ സെന്റർ പദ്ധതി**

*173 **ശ്രീ. എ. രാജ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആന്റ് ഇന്നൊവേഷൻ സെന്റർ (കെ-ടിക്) പദ്ധതിയുടെ ഭാഗമായി എത്ര വനിതാ ഗുണഭോക്താക്കൾ സ്വയം സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലയിൽ നിന്നുള്ളവരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇവർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) സൂക്ഷ്മ സംരംഭങ്ങളുടെ പ്രവർത്തന രീതിയും വിപണനവും ഉൾപ്പെടെ മനസ്സിലാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് ഫീൽഡ് സന്ദർശനം സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**എക്സൈസ് കേസുകൾ**

*174 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എം. എം. മണി**

**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ഡി.പി.എസ്. (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട്) കേസുകളിൽ ഉൾപ്പെട്ട പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നതിൽ എക്സൈസ് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) എക്സൈസ് കേസുകളിൽ കൺവിക്ഷൻ റേറ്റ് എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മയക്കമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തുന്ന വാഹനങ്ങൾ പരിശോധനകൾക്കും തെളിവുശേഖരണത്തിനും ശേഷം തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) തൊണ്ടിമുതലായി കണ്ടെത്തിയ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കത്തക്കവിധവും അലക്ഷ്യമായി കൂടിക്കിടക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നിയമാനുസൃതം എന്തെല്ലാം നടപടികളാണ് കൈകൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>തെരുവുനായ ആക്രമണം തടയാൻ നടപടി</u>

*175 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളെ തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പരിക്കേറ്റവരുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) തെരുവു നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(സി) തെരുവുനായ പ്രശ്നം ഗുരുതരമായ പ്രദേശങ്ങളിൽ താൽക്കാലിക ആശ്രയ കേന്ദ്രങ്ങൾ/ ഷെൽട്ടറുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ എവിടെയൊക്കെ, എത്ര എണ്ണം വീതം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവ എപ്പോൾ പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കാമോ;

(ഡി) തെരുവുനായ ആക്രമണം മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ നൽകുന്ന നഷ്ടപരിഹാരം/ധനസഹായം സംബന്ധിച്ച മാനദണ്ഡങ്ങളും 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച നഷ്ടപരിഹാരം/ധനസഹായം എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ;

(ഇ) തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക ധനസഹായം, മാർഗ്ഗനിർദേശങ്ങൾ, ജീവനക്കാരുടെ പരിശീലനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**<u>മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനുള്ള നടപടികൾ</u>**

*176 **ശ്രീമതി യു പ്രതിഭ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിലെ എല്ലാ ജില്ലയിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ഡി) എം. ആർ. സി. മാനദണ്ഡങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>നെല്ല് സംഭരണത്തിനുള്ള തുക നൽകാൻ നടപടി</u>**

*177 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. രാജ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിച്ച വകയിൽ മുഴുവൻ തുകയും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നെല്ല് സംഭരണത്തിന് നടപ്പു സംഭരണ വർഷം മുതൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രതിമാസ ക്ലെയിം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പ്രകാരം ഏതെല്ലാം മാസം മുതലാണ് ക്ലെയിം നൽകേണ്ടിയിരുന്നത്; വിശദമാക്കുമോ?

**<u>സി. എം. വിത്ത് മി</u>**

*178 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (സി. എം. വിത്ത് മി) എന്ന സിറ്റിസൺസ് കണക്ട് സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിവിധ മിഷനുകൾ വഴി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ടോ;

(സി) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും നൽകുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) വികസന ക്ഷേമ പദ്ധതികൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയുടെ നടത്തിപ്പ് കാര്യക്ഷമവും ശക്തവുമാക്കുന്നതിന് പ്രസ്തുത പദ്ധതി ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) പദ്ധതി നടത്തിപ്പിന്റെ ചുമതല ഏത് വകുപ്പിനെയാണ് ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നത്; സി. എം. വിത്ത് മി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ആരോഗ്യസർവകലാശാലയുടെ പ്രവർത്തനങ്ങൾ

*179 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ സർവകലാശാലയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മെഡിക്കൽ, അലൈഡ് ഹെൽത്ത് സയൻസ്, ഫാർമസി എന്നിവയിലായി പുതിയതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതിലൂടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള സമഗ്രമായ മുന്നേറ്റങ്ങൾ വിശദമാക്കാമോ;

(ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം പുരസ്കാരങ്ങൾ നേടുന്നതിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## അർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് നടപടി

*180 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ കാർഡിന് അർഹതയുണ്ടായിട്ടും കേന്ദ്രസർക്കാർ നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട നിരവധി പേരെ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേഷൻകാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള അപാകതകൾ പരിഹരിക്കുന്നതിനും അതിൻപ്രകാരം അർഹരായവരെയെല്ലാം മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് മുൻഗണനാ കാർഡിന് അർഹരാണെന്ന് കാണുന്ന പക്ഷം മാനദണ്ഡങ്ങളിൽ ഇളവ് നൽകി മുൻഗണനാ കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) അനർഹർ സ്വമേധയാ സറണ്ടർ ചെയ്യുതും ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെയുള്ള പരിശോധനാ നടപടികളിലൂടെ ലഭ്യമായതുമായ മുൻഗണനാ കാർഡുകൾ അർഹരായവരുടെ കൈകളിൽ യഥാസമയം എത്തിയ്ക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 21, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

__പ്രത്യേക ശ്രദ്ധയ്ക്ക്:__

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].